**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1726** **08-12-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ കെ ആൻസലൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ തീരസംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ വഴി തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഫിഷിംഗ് ഹാർബറുകളുടെ 2½ കി.മീ ദൂരം മാത്രമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഫിഷിംഗ് ഹാർബറുകളുടെ സമീപ പ്രദേശത്തെ തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും കരയെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും സംരക്ഷിക്കുന്നതിനുമായി കിഫ്ബി ഫണ്ടുപയോഗിച്ച് 9021.64 ലക്ഷം രൂപയുടെ പ്രവൃത്തികൾ മുതലപ്പൊഴി, ചേറ്റുവ, മഞ്ചേശ്വരം, തോട്ടപ്പിള്ളി, കായംകുളം, കൊല്ലം – താന്നി, തലായ് എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ തലായ്, ചേറ്റുവ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം – താന്നി പ്രവൃത്തി പുരോഗമിച്ചു വരുന്നു. മുതലപ്പൊഴി തീരസംരക്ഷണ പ്രവൃത്തിയ്ക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ദർഘാസ് നടപടികൾ പൂർത്തീകരിച്ചു വരുന്നു. തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിലെ തീരസംരക്ഷണ പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതിക്കായി 18/02/2020 ൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. കൂടാതെ NABARD RIDF XXV - ൽ ഉൾപ്പെടുത്തി 7.14 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തി പുറത്തൂർ പള്ളിക്കടവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിൽ പൂന്തുറ മുതൽ വലിയതുറ വരെയുള്ള തീര |

| | | | |
|---|---|---|---|
| | | | സംരക്ഷണത്തിന് 150 കോടി രൂപയുടെ പദ്ധതിക്ക് KIIFB അംഗീകാരം ലഭിക്കുകയും ആദ്യ ഘട്ടമായി പരീക്ഷണാടിസ്ഥാന ത്തിൽ പൂന്തുറ പ്രദേശത്ത് 20.78 കോടി രൂപയ്ക്ക് ജിയോ ട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>തീരസംരക്ഷണ പ്രവൃത്തികൾക്കായുള്ള കടൽ ഭിത്തി നിർമ്മാണം നിലവിൽ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലാണ് വരുന്നത്. |
| (ബി) | അപകടമേഖലയിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി പുനരധിവസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതിയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതി അറിയിക്കാമോ; | (ബി) | തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ ഭവനമൊരുക്കി പുനരധിവസിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതി പ്രകാരം 8,675 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളതും 3,653 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 3,033 ഗുണ ഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1,773 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് (128), ബീമാപ്പള്ളി (20), കൊല്ലം ജില്ലയിൽ ക്യൂ.എസ്.എസ് കോളനി (114), മലപ്പുറം ജില്ലയിൽ പൊന്നാനി (128) എന്നിവിടങ്ങളിൽ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം (228), തിരുവനന്തപുരം ജില്ലയിലെ കാരോട് (24), വലിയതുറ (192), മലപ്പുറം ജില്ലയിലെ പൊന്നാനി (100), ഉണ്ണിയാൽ (16), കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ (80), കാസർഗോഡ് ജില്ലയിലെ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 784 ഫ്ലാറ്റുകൾ നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലുമാണ്. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിലും വേളിയിലുമായി 10 ഏക്കർ ഭൂമി ലഭ്യമാക്കി 700 ഓളം ഫ്ലാറ്റുകളുടെ നിർമ്മാണാനുമതിക്കുള്ള നടപടിയും പുരോഗമിക്കുന്നു. പദ്ധതി പ്രകാരം 2,163 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് ഇതിനകം പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ 2,664 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര | (സി) | 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം വേലിയേറ്റ |

| | | | |
|---|---|---|---|
| | കുടുംബങ്ങൾ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | | രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ 18,685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇതിനു പുറമെ അപ്പീൽ അപേക്ഷകൾ കൂടി പരിഗണിച്ച് നിലവിൽ 21,220 കുടുംബങ്ങൾ ആണ് ഗുണഭോക്തൃ പട്ടികയിൽ ഉള്ളത്. ഇതിൽ 8,675 ഗുണഭോക്താക്കൾ പദ്ധതി പ്രകാരം മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ